ഭക്ഷ്യപദാർത്ഥങ്ങളിലെ കീടനാശിനികൾ

*19. [143] ശ്രീ. ലൂഡി ലൂയീസ് :

" പി. ടി. തോമസ് :

പ്രൊഫസർ എ. ഡി. മുസ്തഫ :

ശ്രീ. വി. ഡി. സതീശൻ :

" ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങളുടെ രക്തത്തിൽ കീടനാശിനികളുടെ അംശം എത്രയുണ്ടെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പഴങ്ങൾ, ധാന്യങ്ങൾ, മത്സ്യം മുതലായവയിലൂടെ കീടനാശിനികളും മറ്റു വിഷാംശങ്ങളും ജനങ്ങളുടെ രക്തത്തിലെത്തിച്ചേരുന്നതിനെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് മൂലം എന്തെല്ലാം രോഗങ്ങൾ ജനങ്ങൾക്ക് ഉണ്ടാകുന്നു എന്ന് വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) ഇല്ല.

(ബി) പഴങ്ങൾ, ധാന്യങ്ങൾ, പച്ചക്കറികൾ ഇവയിൽ കീടനാശിനികൾ അടങ്ങിയിട്ടുണ്ടോ എന്ന് 2004-2005 വർഷം 57 സാമ്പിളുകൾ പരിശോധിച്ചതിൽ 4 സാമ്പിളുകളിൽ അനുവദനീയമായ പരിധിയിൽ കൂടുതൽ കീടനാശിനികൾ അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തി. ഈ വർഷം 20 സാമ്പിളുകൾ പരിശോധിച്ചതിൽ രണ്ടെണ്ണത്തിൽ (മുന്തിരിയുടെ സാമ്പിളും സവാളയുടെ സാമ്പിളും) അനുവദനീയമായ പരിധിയിൽ കൂടുതൽ കീടനാശിനി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുന്നതിലൂടെ രക്തത്തിൽ കലരുന്ന കീടനാശിനികളെ കണ്ടെത്തുന്നതിനുള്ള പരിശോധനകളോ പഠനങ്ങളോ നടത്തിയിട്ടില്ല. അതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ ഭക്ഷണ പദാർത്ഥങ്ങളിൽ കീടനാശിനിയുടെ അളവ് അനുവദനീയമായ പരിധിയിൽ കൂടുതൽ കണ്ടെത്തിയ കേസ്സുകളിൻമേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly